മടവൂർപ്പാറ ഗുഹാക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം

106 (998) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പുരാവസ്തുവകുപ്പ് വിജ്ഞാപനപ്രകാരം മടവൂർപ്പാറ ഗുഹാക്ഷേത്രവും പാറയും സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുമ്പോൾ എത്ര ഹെക്ടർ സ്ഥലമാണ് ഉണ്ടായിരുന്നത് ;

(ബി) പ്രസ്തുത ഗുഹാക്ഷേത്രം ഏതു നിയമമനുസരിച്ച് ഏതുവർഷമാണ് ഏറ്റെടുത്തതെന്ന് പറയുമോ ;

(സി) സുരക്ഷിത സ്മാരകമായ ഗുഹാക്ഷേത്രവും ക്ഷേത്രം ഉൾക്കൊള്ളുന്ന പാറയും പുരാവസ്തു സ്മാരകത്തിലേയ്ക്കുള്ള വഴിയുമടങ്ങുന്ന സ്ഥലം ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെ പേരിൽ തിരിമറി നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ, അത്തരം ക്രമക്കേട് പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതെപ്പോഴാണെന്നും ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മടവൂർപ്പാറ ഗുഹാക്ഷേത്രവും പാറയും സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുമ്പോൾ 6.43 ഹെക്ടർ സ്ഥലമാണ് ഉണ്ടായിരുന്നത്.

(ബി) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം 1974-ൽ ആണ് മടവൂർപ്പാറ ഗുഹാക്ഷേത്രം സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചത്.

(സി) ഇതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അനധികൃത നിർമ്മാണം 1998-ൽ പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തിരുവനന്തപുരം ജില്ലാ കളക്ടറെ വിവരമറിയിക്കുകയും പ്രസ്തുത നിർമ്മാണം എത്രയും വേഗം പൊളിച്ചു മാറ്റണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

മടവൂർപ്പാറ സംരക്ഷിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ

107 (999) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1965-ലെ പുരാവസ്തു സങ്കേത പുരാവശിഷ്ട സംരക്ഷണ നിയമപ്രകാരം 1974-ൽ സർക്കാർ ഏറ്റെടുത്ത് പരിപാലിച്ചുവരുന്ന സംരക്ഷിത സ്മാരകമായ മടവൂർപ്പാറ ഗുഹാക്ഷേത്രവും പാറയും അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് വിശ്വാസികൾക്കൊപ്പം വിനോദസഞ്ചാരികളെയും ആകർഷിക്കുംവിധം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുരാവസ്തു വകുപ്പ് ഒരു മാസ്റ്റർ പ്ലാൻ പൂർത്തിയാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ ; എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly